**1-ാം ഇന്ത്യ-സൗത്ത് സുഡാൻ ഫോറിൻ ഓഫീസ് കൺസൾട്ടേഷൻ(ഡിസംബർ 04, 2025)**

ഡിസംബർ 05, 2025

ഇന്ത്യയും സൗത്ത് സുഡാനും തമ്മിലുള്ള ഫോറിൻ ഓഫീസ് കൺസൾട്ടേഷനുകളുടെ (FOC) ആദ്യ റൗണ്ട് 2025 ഡിസംബർ 04 ന് സൗത്ത് സുഡാനിലെ ജൂബയിൽ നടന്നു. ഇന്ത്യൻ പ്രതിനിധി സംഘത്തെ വിദേശകാര്യ മന്ത്രാലയത്തിലെ ജോയിന്റ്സെക്രട്ടറി (WANA) ഡോ. എം. സുരേഷ് കുമാർ നയിച്ചു. സൗത്ത് സുഡാൻ പ്രതിനിധി സംഘത്തെ വിദേശകാര്യ, അന്താരാഷ്ട്ര സഹകരണ മന്ത്രാലയത്തിലെ ഉഭയകക്ഷി ബന്ധങ്ങളുടെ ഡയറക്ടർ ജനറലായ അംബാസിഡർ ഫിലിപ്പ് ജഡ നതാന നയിച്ചു.

2. ഇരു രാജ്യങ്ങളും തമ്മിലുള്ള അടുത്ത ബന്ധത്തെ പ്രതിഫലിപ്പിക്കുന്ന, ഊഷ്മളവും സൗഹൃദപരവുമായ അന്തരീക്ഷത്തിലാണ് കൂടിയാലോചനകൾ നടന്നത്. ശേഷി വികസനം, മാനവ വിഭവശേഷി വികസനം, ആരോഗ്യം, സാങ്കേതിക, തൊഴിൽ പരിശീലനം, വ്യാപാരം, ജനങ്ങൾ തമ്മിലുള്ള ബന്ധം എന്നിവയിലെ സഹകരണം ഉൾപ്പെടെയുള്ള ഉഭയകക്ഷി ബന്ധങ്ങളുടെ മുഴുവൻ ശ്രേണിയും കൺസൾട്ടേഷൻ അവലോകനം ചെയ്യുകയും പങ്കാളിത്തം കൂടുതൽ പ്രോത്സാഹിപ്പിക്കുന്നതിനുള്ള വഴികൾ ചർച്ച ചെയ്യുകയും ചെയ്തു. നിലവിലുള്ള സഹകരണത്തിൽ ഇരുപക്ഷവും സംതൃപ്തി പ്രകടിപ്പിക്കുകയും ഉന്നതതല ആശയവിനിമയവും കൈമാറ്റങ്ങളും പതിവ് യോഗങ്ങളും തുടരാനുള്ള പ്രതിബദ്ധത പ്രകടിപ്പിക്കുകയും ചെയ്തു. പ്രാദേശിക വിഷയങ്ങളിൽ ഇരുപക്ഷവും അഭിപ്രായങ്ങൾ കൈമാറുകയും UNലും മറ്റ് ബഹുരാഷ്ട്ര വേദികളിലും അടുത്ത സഹകരണം തുടരുന്നതിനുള്ള പ്രതിബദ്ധത ആവർത്തിക്കുകയും ചെയ്തു.

3. സന്ദർശന വേളയിൽ, ഡോ. സുരേഷ് കുമാർ, വൈസ് പ്രസിഡന്റും ഇക്കണോമിക് ക്ലസ്റ്റർ മേധാവിയുമായ ജെയിംസ് വാനി ഇഗ്ഗ, വിദേശകാര്യ, അന്താരാഷ്ട്ര സഹകരണ മന്ത്രിയായ അംബാസിഡർ മൺഡേ സെമായ കെന്നത്ത് കുംബ, മൈനിംഗ് വകുപ്പ് മന്ത്രി മാർട്ടിൻ അബുച്ച, ലൈവ്സ്റ്റോക്ക്& ഫിഷറീസ് വകുപ്പ് മന്ത്രി ഒന്യോട്ടി

അഡിഗോ നൈകെക്, വിദേശകാര്യ, അന്താരാഷ്ട്ര സഹകരണ ഉപമന്ത്രിയായ അംബാസിഡർ അകുയി ബോണ മാൽവാൾ എന്നിവരുമായും കൂടിക്കാഴ്ച നടത്തി

4. ഈ യോഗങ്ങളിൽ, നിലവിലുള്ള പങ്കാളിത്തം ആഴത്തിലാക്കുന്നതിനുള്ള പ്രതിബദ്ധത ഇരുപക്ഷവും ആവർത്തിച്ചു. നയതന്ത്രബന്ധം സ്ഥാപിച്ചതിനുശേഷം വിവിധ മേഖലകളിലുണ്ടായ പുരോഗതിയിൽ അവർ സംതൃപ്തി രേഖപ്പെടുത്തുകയും സഹകരണത്തിന്റെ പുതിയ വഴികൾ പര്യവേക്ഷണം ചെയ്യാൻ സമ്മതിക്കുകയും ചെയ്തു. ഇരു പക്ഷത്തിനും സൗകര്യപ്രദമായ തീയതിയിൽ അടുത്ത റൗണ്ട് ഫോറിൻ ഓഫീസ് കൺസൾട്ടേഷനുകൾ ന്യൂഡൽഹിയിൽ നടത്താനും തീരുമാനമായി.

ജൂബ

ഡിസംബർ 04, 2025